പുരോഗമിക്കുന്നുണ്ട്. ഇതിനുപുറമെ സർവ്വകലാശാല വൈസ് ചാൻസലർ, രജിസ്ട്രാർ എന്നിവർക്കെതിരെയും സർവ്വകലാശാലയുടെ മൊത്തത്തിലുള്ള പ്രവർത്തനത്തിനെതിരെയും ഉയർന്നുവന്ന പരാതികളിൻമേലും വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

(സി, ഡി) മുകളിൽ പറഞ്ഞിരിക്കുന്ന പരാതികളിൽ അന്വേഷണം പൂർത്തിയായിട്ടില്ല.

(ഇ) അന്വേഷണം തീരാത്തതിനാൽ ശിക്ഷാനടപടികളെപ്പറ്റി തീരുമാനമായിട്ടില്ല.

(എഫ്) ചോദ്യം 'B' യിൽ പറഞ്ഞിട്ടുള്ള പരാതികളിലാണ് അന്വേഷണം നടന്നുകൊണ്ടിരിക്കുന്നത്.

(ജി) വിജിലൻസ് വിഭാഗമാണ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നത്.

(എച്ച്) അന്വേഷണം കൃത്യമായി എന്നു തീരുമെന്ന് പറയാൻ കഴിയില്ല.

സാക്ഷരതാ വികസന/തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് ഓണറേറിയം

68 [2376] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ എന്നിവയിൽ പ്രവർത്തിക്കുന്ന സാക്ഷരതാ വികസന/തുടർ വിദ്യാകേന്ദ്രങ്ങളിലെ പ്രേരക്മാർക്ക് ഓണറേറിയം ഇനത്തിൽ കുടിശ്ശിക നൽകുവാൻ ഉണ്ടോ;

(ബി) എങ്കിൽ എത്ര തുക നൽകുവാനുണ്ട്;

(സി) ഈ തുക നൽകുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഉണ്ട്. കുടിശ്ശികയിനത്തിൽ 2.5 കോടി രൂപ നൽകുവാനുണ്ട്.

(സി) കുടിശ്ശിക തീർക്കുന്നതിന് സാക്ഷരതാമിഷൻ അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക മുഴുവൻ കൊടുത്തു തീർക്കുന്നതാണ്.

നെടുവമ്പ്രം ടെക്നിക്കൽ ഹൈസ്കൂളിനെ ടെക്നിക്കൽ ഹയർ സെക്കൻറി സ്കൂളായി ഉയർത്താൻ നടപടി

69 [2377] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ എത്ര ടെക്നിക്കൽ ഹയർ സെക്കൻറി സ്കൂളുകളുണ്ടെന്നും അവ എവിടെയെല്ലാമാണ് സ്ഥിതി ചെയ്യുന്നതെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly